ആ പ്രദേശങ്ങൾ വിട്ട് യുദ്ധഭൂമിയിൽ എന്നുള്ളതുപോലെയാണ് കൂട്ട പലായനം ചെയ്തുകൊണ്ടിരിക്കുന്നത്. ഇതു സംബന്ധിച്ച് ഭീതി പടർന്ന സാഹചര്യത്തിൽ ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കണം. കഴിഞ്ഞ ദുരന്തത്തിന്റെ പശ്ചാത്തലം കൂടി കണക്കിലെടുത്തുകൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഗവൺമെന്റിനോട് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):* സർ, ഇന്നലെ ഇന്ത്യൻ സമയം രാത്രി 9.40-ന് സുമാത്രായുടെ വടക്കൻ പ്രദേശത്തുണ്ടായ ഭൂമി കുലുക്കത്തിന്റെ മാക്നിട്യൂഡ് 8.2 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സുനാമിക്കുള്ള സാദ്ധ്യതയുണ്ട്; അതുകൊണ്ട് അലെർട്ട് ആയിരിക്കണമെന്നു പറഞ്ഞ് കേന്ദ്ര ആഭ്യന്തര വകുപ്പിന്റെ നിർദ്ദേശം കിട്ടി. അതിനെതുടർന്ന് നമ്മുടെ ഒമ്പത് കോസ്റ്റൽ ഡിസ്ട്രിക്ടുകളിലും ആവശ്യമായിട്ടുള്ള നിർദ്ദേശങ്ങൾ കൊടുത്തു. പക്ഷേ പരിഭ്രമിക്കേണ്ട സാഹചര്യമില്ലെന്ന് പ്രത്യേകമായി മുന്നറിയിപ്പ് കൊടുത്തിരുന്നു. തമിഴ്നാട്ടിൽനിന്നും ആളുകളെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ എടുക്കുന്നുവെന്ന് കേട്ട അവസരത്തിലും കേരളത്തിൽ അതിനുള്ള നിർദ്ദേശം കൊടുത്തിരുന്നില്ല. അതേ സമയം ഉദ്യോഗസ്ഥന്മാരെല്ലാം എല്ലാ വിധത്തിലുള്ള ജാഗ്രതയും പുലർത്തിയിരുന്നു. പക്ഷേ ആരും ഒഴിപ്പിക്കുവാൻ പറഞ്ഞില്ലെങ്കിലും കൊല്ലം ജില്ലയിൽ പ്രത്യേകിച്ച് ആലപ്പാട് പഞ്ചായത്തിൽ ഈ ദുരിതം ഏറ്റവും കൂടുതൽ ഉണ്ടായ സ്ഥലത്തുനിന്ന്, ഇരുപത്തിയയ്യായിരത്തോളം പേർ പുറത്തേയ്ക്കു വന്നു. അവർക്ക് ഓച്ചിറയിലും സമീപപ്രദേശങ്ങളിലുമുള്ള സ്ക്കൂളുകളിൽ താമസ സൗകര്യം ഏർപ്പാടു ചെയ്തു. ആറാട്ടുപുഴയിൽനിന്ന് അമ്പതോളം പേരാണ് വന്നത്. മാടംപി സ്ക്കൂളിൽ അവരെ താമസിപ്പിച്ചു. ഇന്നു രാവിലെ എല്ലാവരും തിരിച്ചുപോയി. ഇതുപോലുള്ള അവസരങ്ങളിൽ പരമാവധി ഒരു പരിഭ്രാന്തി ഉണ്ടാകാത്ത വിധത്തിൽ ഒരു കരുതൽ എടുക്കുന്നതിനു വേണ്ടിയിട്ടുള്ള നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. ഇന്നലെയും ആ നിർദ്ദേശങ്ങൾ കൊടുത്തത് അനുസരിച്ചാണ് പ്രവർത്തിച്ചിട്ടുള്ളത്. എന്തായാലും ഒരു ആശങ്കയ്ക്ക് അടിസ്ഥാനമില്ല.

(3) കൊച്ചിൻ യൂണിവേഴ്സിറ്റി സ്വകാര്യവത്കരിക്കുന്നത് സംബന്ധിച്ച്

ഡോ. കെ. സി. ജോസഫ് : സർ, കഴിഞ്ഞ ആറു വർഷമായി കുട്ടനാട്ടിലെ പുളിങ്കുന്നിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന Cochin University College of Engineering-ന്റെ അംഗീകാരം നഷ്ടപ്പെടുമെന്നുള്ള ഭീതി വിദ്യാർത്ഥികൾക്ക് ഉണ്ടായി. എ.ഐ.സി.ടി.ഇ. ടീം വന്നു പരിശോധിച്ചപ്പോൾ ആവശ്യമായ സൗകര്യങ്ങൾ ഇല്ല എന്നു കാണുകയും കൂടുതൽ പഠനത്തിന് വച്ചിരിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ ഭാവി അനിശ്ചിതത്വത്തിലാണെന്ന് കണ്ടുകൊണ്ട് ആ സ്ഥാപനത്തിൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഇന്നലെ കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ മുമ്പിൽ ബന്ധപ്പെട്ടവർക്ക് നിവേദനം നൽകുന്നതിനും അവരുടെ ആവശ്യം ഉന്നയിക്കുന്നതിനും വേണ്ടി പോയ വിദ്യാർത്ഥികളെ പോലീസ് അതിക്രൂരമായി ലാത്തിച്ചാർജ്ജ് നടത്തി. ഏതാനും വിദ്യാർത്ഥികൾ പരിക്കേറ്റ് ആശുപത്രിയിലാണ്. യാതൊരു പ്രകോപനവും ഇല്ലാതെ വിദ്യാർത്ഥികളുടെ മേൽ ലാത്തിച്ചാർജ് നടത്തിയ ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടികൾ സ്വീകരിക്കണം. വിദ്യാർത്ഥികളുടെ ആശങ്ക അകറ്റി ആ സ്ഥാപനം കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ മാന്യതയ്ക്കും സ്റ്റാറ്റസിനും അനുസരിച്ചുള്ള തരത്തിൽ വികസിപ്പിച്ചുകൊണ്ട് കുട്ടികളെ സംരക്ഷിക്കുന്നതിന് ആവശ്യമായ മുൻകരുതൽ പ്രവർത്തനം ഗവൺമെന്റ് നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*: സർ, കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ പുളിങ്കുന്നിലുള്ള എഞ്ചിനീയറിംഗ് കോളേജ് സ്വകാര്യവൽക്കരിക്കുവാനുള്ള തീരുമാനത്തിൽ പ്രതിഷേധിക്കുന്നു എന്നു പറഞ്ഞുകൊണ്ട് 250-ഓളം വരുന്ന വിദ്യാർത്ഥികൾ കൊച്ചിൻ യൂണിവേഴ്സിറ്റി സിന്റിക്കേറ്റ് യോഗം നടക്കവേ അഡ്മിനിസ്ട്രേറ്റീവ് ഓഫീസിന് മുൻവശത്ത് മുദ്രാവാക്യം വിളിച്ച് കുത്തിയിരുന്നു. യൂണിവേഴ്സിറ്റിയിലെ അമ്പതിലധികം എസ്.എഫ്.ഐ. വിദ്യാർത്ഥികളും കൂടി അവരോടൊപ്പം കൂടി സെനറ്റ് യോഗം നടക്കുന്നിടത്തേയ്ക്ക് അതിക്രമിച്ചു കടക്കുവാനായിട്ട് ശ്രമിച്ചു. പോലീസ് അവരെ ഗേറ്റിൽ തടഞ്ഞു. ഉടനെ പോലീസിനു നേരെ കല്ലേറുണ്ടായി. രണ്ട് പോലീസ് ഉദ്യോഗസ്ഥന്മാർക്ക് പരിക്കുപറ്റി. ഈ സമരത്തിനു വന്നവർ അക്രമാസക്തരായ സമയത്ത് പോലീസ് വിദ്യാർത്ഥികളെ വിരട്ടിയോടിച്ചു. രണ്ട് എസ്. എഫ്. ഐ. വിദ്യാർത്ഥികൾ ആശുപത്രിയിൽ അഡ്മിറ്റായിട്ടുണ്ട്. അത് ബോധപൂർവ്വമായി ചെയ്ത നടപടിയല്ല. അവിടെ അക്രമം കാണിച്ച സമയത്ത്, പോലീസ് ഉദ്യോഗസ്ഥന്മാർക്ക് പരിക്ക് പറ്റിയ സമയത്താണ് അങ്ങനെ ഒരു സംഭവം ഉണ്ടായിട്ടുള്ളത്. 14 വിദ്യാർത്ഥികൾക്കെതിരെ കേസെടുത്തിട്ടുണ്ട്. അവിടെ ലാത്തിച്ചാർജോ ക്രൂരമായ മർദ്ദനമോ നടന്നുവെന്ന് പറയുന്നത് ശരിയല്ല. സമരക്കാർ അക്രമാസക്തരായ സമയത്ത്, പോലീസിന് പരിക്ക് പറ്റിയ സമയത്ത് അവരെ പിരിച്ചു വിടാനായിട്ടുള്ള നടപടി എടുക്കുക മാത്രമാണ് ചെയ്തത്. ഈ യൂണിവേഴ്സിറ്റിയുടെ ആവശ്യത്തെക്കുറിച്ചുകൂടി വ്യക്തമാക്കുവാൻ ആഗ്രഹിക്കുകയാണ്. ഒരിക്കലും ഈ കോളേജ് സ്വകാര്യവൽക്കരിക്കുന്ന പ്രശ്നമേയില്ല. അതിനെക്കുറിച്ച് ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

ആലോചിച്ചിട്ടുമില്ല. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി വൈസ് ചാൻസിലറേയും ഡോ. കെ. സി. ജോസഫിനേയും വിളിച്ചുകൂട്ടി ഈ കാര്യത്തിൽ ചില തീരുമാനങ്ങളെടുത്തിട്ടുണ്ട്. എ. ഐ. സി. ടി. ഇ. യുടെ അംഗീകാരം നഷ്ടപ്പെടാത്തവിധത്തിൽത്തന്നെ അതിന് ആവശ്യമായിട്ടുള്ള ക്രമീകരണങ്ങൾ ചെയ്യുന്നതിനുള്ള നടപടികളെടുത്തിട്ടുണ്ട്. വിദ്യാഭ്യാസ മന്ത്രി അന്ന് വിളിച്ചു കൂട്ടിയ ആ യോഗത്തിൽ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കുമെന്ന് പറയാൻകൂടി ആഗ്രഹിക്കുന്നു.

(4) അനിതയുടെ തിരോധാനം

ശ്രീ. കെ. രാധാകൃഷ്ണൻ: തൃശൂർ ജില്ലയിലെ പുലരിനഗറിൽ ചാത്തൻകുളത്ത് ശ്രീ. ആനന്ദന്റെ മകൾ അനിത 9-ാം ക്ലാസ് വിദ്യാർത്ഥിനിയാണ്. അഞ്ചേരി സെന്റ് റാഫേൽ സ്ക്കൂളിലാണ് പഠിച്ചുകൊണ്ടിരിക്കുന്നത്. ഇക്കഴിഞ്ഞ 11-3-2005-ൽ സീരിയലിൽ അഭിനയിപ്പിക്കാമെന്നുപറഞ്ഞുകൊണ്ട് ചില ആളുകൾ ആ കുട്ടിയെ തട്ടിക്കൊണ്ടുപോകുകയാണുണ്ടായത്. ഇത്രയും ദിവസമായിട്ടും കുട്ടിയെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട സ്പീക്കറുടെ മണ്ഡലത്തിലാണ് ഈ കുട്ടിയുള്ളത്. ബിജു, സംഗീത്, സന്ദീപ്, ശ്രീജിത്, സനീഷ് എന്നു പറയുന്ന 5 പേരാണ് കുട്ടിയെ തട്ടിക്കൊണ്ടു പോയതെന്നാണ് പറയുന്നത്. പ്രതികളെ സംബന്ധിച്ച് വ്യക്തമായ ധാരണ പോലീസിന് കിട്ടിയിട്ടുണ്ടെങ്കിലും പ്രതികളെ അറസ്റ്റു ചെയ്യാനോ കുട്ടിയെ കണ്ടെത്താനോ ഇതുവരെ കഴിഞ്ഞിട്ടില്ല. സെക്സ് റാക്കറ്റിന്റെ കയ്യിൽ കുട്ടി എത്തപ്പെട്ടിരിക്കുന്നു എന്നുള്ള സംശയം ബലപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഒരാൾ പിടിക്കപ്പെട്ടിട്ടുണ്ട് എന്നാണ് പറയുന്നത്. ആ പിടിക്കപ്പെട്ട ആളിൽനിന്നും കിട്ടിയ വിവരമനുസരിച്ച് ഈ കുട്ടി ഏതോ സെക്സ് റാക്കറ്റിന്റെ കയ്യിൽ എത്തപ്പെട്ടു കഴിഞ്ഞിരിക്കുകയാണ്. സീരിയൽ അഭിനയത്തിന്റെ മറവിൽ ഇന്ന് നമ്മുടെ കേരളത്തിൽ വ്യാപകമായി സെക്സ് റാക്കറ്റ് വളർന്നുവരുകയാണ്. ഈ കുട്ടിയെ എത്രയും പെട്ടെന്ന് കണ്ടെത്തി സെക്സ് റാക്കറ്റിൽ നിന്നും രക്ഷപ്പെടുത്തണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):* സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യം, ഈ കുട്ടിയുടെ അച്ഛന്റെ പരാതിയുടെ അടിസ്ഥാനത്തിൽ കേസ് എടുത്ത് അന്വേഷണം ഊർജ്ജിതമായി നടക്കുകയാണ്. 4 പ്രതികളെക്കുറിച്ച് പോലീസിന് വ്യക്തമായിട്ടുള്ള സൂചന കിട്ടി. അതിൽ ശ്രീജിത്ത് എന്നു പറയുന്ന

LIBRARY ARCHIVES Kerala Legislative Assembly